LIBRARY ARCHIVES Kerala Legislative Assembly

അഡാക്ക് വഴി നടപ്പിലാക്കുന്ന പദ്ധതികൾ

ആലപ്പുഴ, കോട്ടയം, പത്തനംതിട്ട -ഒരു നെല്ലും മീനും പദ്ധതി, ആലപ്പുഴ, കോട്ടയം- കുട്ടനാട്ടിലെ മത്സ്യകൃഷി, പെൻ കൾച്ചർ, കരിമീൻ വിത്തുല്പാദന യൂണിറ്റുകൾ, മത്സ്യ താവള നിർമ്മാണം, തൃശ്ശൂർ, മലപ്പുറം-കോൾ നിലങ്ങളിലെ ഒരു നെല്ലും മീനും പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി), തൃശ്ശൂർ- കോൾ നിലങ്ങളിലെ സംയോജിത ആറ്റുകൊഞ്ച് മത്സ്യകൃഷി പദ്ധതി (ആർ.കെ.വി.വൈ 2013-14 & സംസ്ഥാനാവിഷ്കൃത പദ്ധതി 14-15), എറണാകുളം, വയനാട്, പാലക്കാട്-ഇന്നോവേറ്റീവ് അക്വാകൾച്ചർ പ്രാക്ടീസസ് (സംസ്ഥാനാലിഷ്കൃത പദ്ധതി 2014-15).

തീരദേശ റോഡുകളുടെ നിർമ്മാണം

193 (201) ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീരദേശ റോഡുകൾ നിർമ്മിക്കുവാൻ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നു വിശദമാക്കുമോ ?

ഉത്തരം

(എ &ബി) ഉണ്ട്. 2009-10 സാമ്പത്തിക വർഷം മുതൽ 'തീരദേശ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി തീരദേശ റോഡുകളുടെ നിർമ്മാണവും പുനരുദ്ധാരണവും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുവരുന്നു. തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/റിസർവ്വോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ് 'തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതി'യിൽ ഉൾപ്പെടുത്തി

നടപ്പിലാക്കി വരുന്നത്. ടി തീരദേശ റോഡുകളുടെ നിർമ്മാണം/ പുനരുദ്ധാരണത്തിലൂടെ അവിടത്തെ മത്സ്യത്തൊഴിലാളികളുടെ യാത്രാസൗകര്യം സുഗമമാക്കുകയും തദ്വാര ജീവിത നിലവാരം മെച്ചപ്പെടുത്തുകയുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) എം.എൽ.എ/എം.പി/ മറ്റ് വിവിധ പ്രതിനിധികൾ ശിപാർശ ചെയ്യുന്ന റോഡുകൾക്ക് വകുപ്പു തലത്തിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകൾക്ക് സർക്കാർ ഭരണാനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

194 (202) ശ്രീ. അബു റഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണപ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ;

(ബി) ഈ പ്രവൃത്തിയുടെ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ടെന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ ;

(സി) ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത് ; വിശദമാക്കാമോ ;

(ഡി) പ്രസ്തുത പ്രവൃത്തികൾക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇതിന് കേന്ദ്ര വിഹിതമായി എത്ര തുക വകയിരിത്തിയിട്ടുണ്ടെന്നും കൂടുതൽ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ;

(എഫ്) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) താനൂർ ഫിഷിംഗ് ഹാർബറിന്റെ പ്രധാന ഘടകങ്ങളായ രണ്ട് പുലിമുട്ടുകൾ, വാർഫ്, ലേലപ്പുര, റിക്ലമേഷൻ ബണ്ട് എന്നിവ ടെൻഡർ ചെയ്ത് പ്രവൃത്തി ഏർപ്പാടാക്കി പുരോഗമിച്ചുവരുന്നു. ക്രമീകരിച്ച പ്രവൃത്തികളിൽ 850 മീറ്റർ നീളമുള്ള വടക്കെ പുലിമുട്ട് 480 മീറ്റർ നീളത്തിലും, 1050 മീറ്റർ നീളമുള്ള തെക്കെ പുലിമുട്ട് 810 മീറ്റർ നീളത്തിലും, റിക്ലമേഷന് ബണ്ട് 290 മീറ്റർ നീളത്തിലും ഭാഗീകമായി പൂർത്തീകരിച്ചിട്ടുണ്ട്. കടൽക്ഷോഭംമൂലം പ്രവൃത്തി 23-6-2015 മുതൽ താൽക്കാലികമായി നിർത്തിവെച്ചിരിക്കുകയാണ്. ടി ഹാർബറിന്റെ ശേഷിക്കുന്ന ഘടകങ്ങൾ മേൽ പ്രവൃത്തികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly